# ആൽമാവ്

ശ്രീപ്രസാദ് വടക്കേപ്പാട്ട്



ആൽമാവ്
ശ്രീപ്രസാദ് വടക്കേപ്പാട്ട്
(മലയാളം: ചെറുകഥ)

© 2022, Shreeprasad Vadakkepattu

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ആൽമാവ്

"എടാ നമ്മടെ കൊപ്പം റോഡ് വീതി കൂട്ടണ പണി കഴിഞ്ഞ ആഴ്ച തൊടങ്ങീ ട്ടോ. നല്ല വീതിയിലാ പണിയണത്."

നാട്ടിലേക്ക് ആഴ്ചതോറുമുള്ള ഫോൺ വിളിയിൽ അന്നൊരുദിവസം അമ്മ ആദ്യംതന്നെ പറഞ്ഞ വിശേഷം. കുറെ കാലമായി പ്രതീക്ഷിച്ചതാണെങ്കിലും എന്തോ ആ വാർത്ത അന്നെന്നെ വല്ലാതെ അസ്വസ്ഥനാക്കി. പെട്ടെന്ന് മനസ്സിലേക്കോടി വന്നത് മുണ്ടന്റെ മുഖം തന്നെയായിരുന്നു. ചുക്കിച്ചുളിഞ്ഞ ശരീരവും, പ്രകാശം ചൊരിയുന്ന ആ നരച്ച കണ്ണുകളും.

അമ്മ പിന്നെയും എന്തൊക്കെയോ പറയുന്നുണ്ട്. കുരുമുളക് പറിക്കുന്നതിനെക്കുറിച്ചും അച്ഛന്റെ യാത്രകളെക്കുറിച്ചും... അങ്ങനെ പലതും. പക്ഷേ, ഒന്നും മനസ്സിലേക്ക് അങ്ങോട്ട് കയറുന്നില്ല.

"അമ്മേ, ആരോ വാതിലിൽ മുട്ടുന്നുണ്ട്! ഞാൻ പിന്നെ വിളിക്കാം"

നിർദ്ദോഷമായ നുണകൾ പരിഭവങ്ങളൊഴിവാക്കാൻ സഹായിക്കുമല്ലോ! ഞാൻ ഫോൺ താഴെ വച്ചു.

കുട്ടിക്കാലംതൊട്ടേ മുണ്ടനെ അറിയാം. അച്ഛന്റെ കൈയിൽ തൂങ്ങി പേങ്ങാട്ടിരി അങ്ങാടിയിൽ മുഹമ്മദ് കുട്ടിയുടെ പീടികയിൽ പോകുമ്പോഴും, തലമുടി വെട്ടാൻ ശ്രീധരന്റെ ബാർബർഷാപ്പിൽ പോകുമ്പോഴും ഒക്കെ മുണ്ടനെ കാണാറുണ്ടായിരുന്നു. ചിലപ്പോഴൊക്കെ മുണ്ടന്റെ ഭാര്യ കാളിയെയും.

മുണ്ടനെ മാത്രമല്ല, കല്ലുവെട്ടുകാരൻ ചാമി, നാരായണൻകുട്ടി മാഷ്, സൈക്കിൾ റിപ്പയർ ചെയ്യുന്ന നാരായണൻ, മീൻകാരൻ ആലി അങ്ങനെ പലരെയും. അന്ന് ആ പലരിൽ ഒരാൾ മാത്രമായിരുന്നു മുണ്ടനും.

മുഹമ്മദ് കുട്ടിയുടെ പലചരക്കുകട, ശ്രീധരന്റെ ബാർബർഷാപ്പ്, എഴുത്തച്ഛന്റെ റേഷൻ പീടിക, കുമാരൻ വൈദ്യരുടെ ആയുർവ്വേദ മരുന്നുകട, റോഡിലേക്ക് കയറുന്ന കയറ്റത്തിൽ നാരായണന്റെ വീടിനോടുചേർന്ന സൈക്കിൾ റിപ്പേറിങ് ഷെഡ്. പിന്നെ ഉങ്ങിൻ ചോട്ടിൽ മീൻ കുട്ടയുമായി ഇരിക്കുന്ന ആലിയും. ഇത്രയുമാണ് എന്റെ ഓർമ്മകളെ പരമാവധി പിന്നിലേക്ക് നീട്ടിയാൽ അന്നത്തെ പേങ്ങാട്ടിരി അങ്ങാടി. ഓഫീസുകളായി പോസ്റ്റ് ഓഫീസും പഞ്ചായത്ത് ഓഫീസും അന്നേ ഉണ്ടായിരുന്നു. എന്റെ കുട്ടിക്കാലത്തുതന്നെയാണ് സഹകരണ ബാങ്കിന്റെ ഒരു കെട്ടിടവും പേങ്ങാട്ടിരിയിൽ വരുന്നത്. ടാറിട്ട വഴിയായി പട്ടാമ്പിയിൽ നിന്നും ചെർപ്പുളശ്ശേരിയിലേക്കുള്ള ഒരേഒരു റോഡാണ് അന്ന് നാട്ടിലുണ്ടായിരുന്നത്. ചന്തപ്പുര ഭാഗത്തുനിന്നും തുടങ്ങി കല്ലുക്കല്ലൂർ റെയിൽപാത വരെ പോകുന്ന ഒരു നാട്ടുവഴി ഉണ്ടായിരുന്നു. ആ വഴി തിരിയുന്നിടം ഇംഗ്ലീഷ് അക്ഷരമായ Y-ക്കു സമാനമായിരുന്നു. പടർന്ന പന്തലിച്ചു നിന്നിരുന്ന ഒരു ഉങ്ങുമരം വഴിയെ പിളർക്കാനെന്നപോലെ അവിടെ നിന്നിരുന്നു. ആ നാട്ടുവഴിയാണ് പിന്നീട് കൊപ്പം റോഡായി മാറിയത്. ഈ വഴിയുടെ ഓരത്താണ് നാട്ടിലെ ഏക തൊഴിൽ സ്ഥാപനമായിരുന്ന ഈർച്ചമിൽ ഉണ്ടായിരുന്നത്. ആധുനികവൽക്കരണം നടത്തി അത് ഇന്നും അവിടെത്തന്നെയുണ്ട്.

മുഹമ്മദുകുട്ടിയോട് മത്സരിക്കാൻ കുന്നംകുളംകാരന്റെ പലചരക്കുകടയും, മൊയ്തീൻകുട്ടിയുടെ ബേക്കറിയുമൊക്കെ വരുന്നത് ഞാൻ അഞ്ചാം ക്ലാസ്സിലോ ആറാം ക്ലാസ്സിലോ പഠിക്കുമ്പോഴാണ്.

"എന്തൊക്കെയാ മുണ്ടാ വിശേഷങ്ങൾ?" മുണ്ടനെ വഴിയിൽ കണ്ടാൽ അച്ഛനതു ചോദിക്കാതെയിരുന്ന ഒരു ദിവസം പോലും എനിക്കോർമ്മയില്ല.

"ഞമ്മക്കും വീട്ടിലേം നെരത്തിലേം കുട്ട്യോൾക്കും നല്ലതന്നെ മാഷേ"

മുണ്ടന്റെ പതിവ് മറുപടി. കൂടെ കാളി ഉണ്ടെങ്കിൽ അവരുടെ വക മുറുക്കുകറ പിടിച്ച പല്ലുകാട്ടി നല്ലൊരു ചിരിയും. ആദ്യമൊന്നും മുണ്ടന്റെ മറുപടി മുഴുവനായും എനിക്ക് മനസ്സിലായിരുന്നില്ല.

"ഈ നിരത്തിലെ കുട്ടികൾ ആരാണച്ഛാ?"

"എടാ മുണ്ടൻ നിരത്തെന്നുപറയുന്നത് ഈ അങ്ങാടിയെയാണ്. ഇവിടെക്കാണുന്ന ഭൂരിഭാഗം മരങ്ങളും മുണ്ടൻ വെച്ച് പിടിപ്പിച്ചതാണ്. ഇതെല്ലം സ്വന്തം മക്കളാണെന്നാ അയാളുടെ പറച്ചിൽ."



എന്നിട്ടും എനിക്കൊന്നും മനസ്സിലായില്ല. വീട്ടിലെത്തി അമ്മയോട് ചോദിച്ചു "മുണ്ടനെങ്ങനെയാണ് വഴിയിലെ മരങ്ങളൊക്കെ മക്കളാകുന്നത്?"

"ആ മുണ്ടന് പ്രാന്താണെടാ. അയാളും ഭാര്യ കാളിയും വേറെ പണിയില്ലാത്തപ്പോഴൊക്കെ റോഡുവക്കത്ത് പോയി മരം നടലും വെള്ളമൊഴിക്കലുമൊക്കെയാണ്. ഇങ്ങനീം ഓരോ പ്രാന്തന്മാര് ണ്ടാവ്വോ?"

അന്നതു ശരിയാണെന്ന് എനിക്കും തോന്നി. വീടിന്റെ പറമ്പിലും തൊടിയിലുമൊക്കെ ഇഷ്ടംപോലെ മരങ്ങളുണ്ടല്ലോ? ഇയാളെന്തിനാ വഴിയിലൊക്കെ മരം വച്ച് വെള്ളം നനച്ച് നേരം കളയണത്? ശരിക്കും പ്രാന്തു തന്നെ.

1992-ൽ ആണ് ഞാൻ ജോലി കിട്ടി മുംബൈ മഹാനഗരത്തിലേക്ക് വണ്ടി കയറുന്നത്. അന്നെനിക്ക് പ്രായം ഇരുപതിനോടടുക്കാറായിരുന്നു. ഷൊർണ്ണൂർ റെയിൽവേ സ്റ്റേഷനിലേക്ക് വണ്ടി കയറാനായി പോകുമ്പോഴും പേങ്ങാട്ടിരി അങ്ങാടിയിൽ മുണ്ടനെ കണ്ടതായി ചെറിയ ഒരു ഓർമ്മയുണ്ട്. രണ്ടായിരാമാണ്ടിനുശേഷമാണ് കല്ലുക്കല്ലൂരിൽ റെയിലിനെ മുറിച്ചുകൊണ്ട് ഒരു റോഡു വരുന്നതും കൊപ്പം റോഡിന്റെ നിറം കറുപ്പാകുന്നതും. മുളയങ്കാവിലെ വേലയ്ക്കുള്ള കാളക്കോലങ്ങൾ ആളുകളുടെ തോളിൽ നിന്നിറങ്ങി റോഡിലൂടെ ഉരുളാൻ തുടങ്ങിയ പുരോഗമനം ഇതിന്റെ പരിണതഫലമായിരുന്നു.

ആയിടയ്ക്കാണ് പഞ്ചായത്തിലെ പുരോഗമനവാദികൾ ഒരു ഷോപ്പിംഗ് കോംപ്ലക്സ് പണിയാനുള്ള തീരുമാനമെടുക്കുന്നത്. പറ്റിയ സ്ഥലം പട്ടാമ്പി റോഡിനും കൊപ്പം റോഡിനും ഇടയ്ക്കുള്ള സ്ഥലം തന്നെയാണെന്ന് പറയേണ്ടതില്ലല്ലോ! ആകെ തടസ്സമായിട്ടുണ്ടായിരുന്നത് നിരത്തിലെ മുണ്ടന്റെ ചില മക്കൾ മാത്രമായിരുന്നു.

"അന്റെ മരങ്ങളെക്കൊണ്ട് തോറ്റല്ലോ മുണ്ടാ. ഏതായാലും ഈർച്ചമിൽ തൊട്ടടുത്തന്നെ ഉള്ളത് കാര്യായി" പ്രസിഡന്റിന്റെ വാക്കുകൾ പഞ്ചായത്ത് ഓഫീസിലെ തിണ്ണയിൽ കുന്തിച്ചിരുന്നുകൊണ്ട് നിർവികാരനായി മുണ്ടൻ കേട്ടു. മരങ്ങൾക്ക് മുന്നിൽത്തന്നെ അവയെ വെട്ടിക്കീറാനുള്ള സംവിധാനങ്ങൾ ഉള്ളത് കാര്യങ്ങൾ എളുപ്പമാക്കി.

ഷോപ്പിംഗ് കോംപ്ലക്സ് വന്നശേഷം കുറച്ചുനാളുകൾക്കിടെ പേങ്ങാട്ടിരി അങ്ങാടിയിൽ തലപൊങ്ങിയത് പുതിയ വില്ലേജ് ആപ്പീസ് കെട്ടിടമാണ്. ഷോപ്പിംഗ് കോംപ്ലെക്സിനോട് ചേർന്നുള്ള കുറച്ചു തണൽ കൂടി അപ്രത്യക്ഷമായി. മുണ്ടനപ്പോഴും നിർവികാരനായി മക്കൾക്ക് വെള്ളം കോരി, കൂടെ കാളിയും.

കൊല്ലത്തിൽ ഒന്നുരണ്ടു തവണയുള്ള നാട്ടിൽ പോക്കിൽ ഇതൊന്നും എന്നെ കാര്യമായി ബാധിച്ചതേയില്ല. അല്ലെങ്കിലെന്ത് ബാധിക്കാൻ? നാട്ടിൽ പോയാലുള്ള ഓട്ടത്തിനിടയിൽ അങ്ങാടിയിലെ മാറ്റങ്ങളെല്ലാം നമുക്ക് സ്വാഭാവികമായതുതന്നെ അല്ലെ!

ആയിടക്കാണ് പട്ടാളത്തിൽ പോയ രമണന്റെ ഫോൺ വിളിയിൽ ഒരു വിശേഷം വരുന്നത്!" ഉണ്ണ്യേട്ടാ, അറിഞ്ഞോ നമ്മടെ മുണ്ടൻ ആള് പ്രശസ്തനായി ട്ടോ!"

"അതെന്താ രമണാ മുണ്ടൻ പണ്ടും പ്രശസ്തനല്ലെ? ചെറിയ നൊസ്സിന്റെ പ്രശസ്തിയല്ലേ?"

"അല്ല ഉണ്ണ്യേട്ടാ, മുണ്ടന്റെ ഫോട്ടോയും വാർത്തയുമൊക്കെ പേപ്പറിൽ വന്നു. അതും ഹിന്ദുവിലും ഇന്ത്യൻ എക്സ്പ്രസ്സിലുമൊക്കെ!"

"ഒന്നുപൊടാ ചെക്കാ, വട്ടന്മാരുടെ വാർത്ത കൊടുക്കാൻ അവർക്കും വട്ടായോ?"

"അതല്ല. മുണ്ടന്റെ മരം നടലും വെള്ളം നനയ്ക്കലുമൊക്കെ വലിയ കാര്യമായിട്ടാണ് അവർ റിപ്പോർട്ട് ചെയ്തിരിക്കുന്നത്. ഞാനതിന്റെ ലിങ്ക് ഇ-മെയിൽ ചെയ്ത തരാം. ഒന്ന് വായിച്ചു നോക്കൂ. മുണ്ടനെ മരമുണ്ടൻ എന്നാണ് ഇപ്പോൾ എല്ലാവരും വിളിക്കുന്നതത്രേ!"

രമണന്റെ ഇ-മെയിലും ആ വാർത്തകളും വായിച്ചതിനുശേഷം, എന്തോ ഒരു കുറ്റബോധം എന്നെ വേട്ടയാടാൻ തുടങ്ങി. കൺമുന്നിലെ ആ ചെറിയ മനുഷ്യനുള്ളിലെ വലിയ മഹത്വത്തെ എന്തേ കാണാതെ പോയത്? പിന്നീടാണ് മുണ്ടന്റെ പ്രശസ്തിയുടെ കാരണക്കാരൻ ബാങ്കിലെ ബാബുവേട്ടനാണെന്ന് ആശാരി ഗോപി പറഞ്ഞ് ഞാനറിയുന്നത്. എന്നേക്കാൾ ആറോ ഏഴോ വയസ്സേ ബാബുവേട്ടന് കൂടുതലുള്ളൂ. സഹകരണ ബാങ്കിലെ ജോലിക്കാരനാണ്. മുണ്ടനാണെങ്കിൽ ബാങ്കിലെ രാത്രി കാവൽക്കാരനും. ഒന്നാം ക്ലാസിൽ ഒരു ദിവസം മാത്രം പഠിച്ച മുണ്ടനെ വാച്ച്മാൻ എന്ന് വിളിക്കാൻ വിഷമമായതിനാൽ ബാങ്കിലെ കാവൽക്കാരൻ എന്നുതന്നെയാണ് എല്ലാവരും പറഞ്ഞിരുന്നത്. മുണ്ടും തോളിലെ തോർത്തും അഞ്ചു കട്ട ടോർച്ചുമാണ് രാത്രിയിലെ ഔദ്യോഗിക വേഷം! താഴിട്ടിട്ട ഷട്ടറിനു മുൻപിൽ പായയിട്ട് കിടക്കും. അതുതന്നെ കാവൽ.



മുണ്ടന്റെ മരപ്രേമവും വെള്ളംനനയും കണ്ട് ബാബുവേട്ടൻ മൂപ്പരോട് ഒരു ദിവസം ചോദിച്ചു 'മുണ്ടാ ങ്ങക്ക് ഈ പണിക്കൊക്കെ ആരെങ്കിലും ശമ്പളായിട്ട് വല്ലതും തരണ്ണ് ണ്ടോ?"

"ഹ... ഹ... ഇത് ഞമ്മളെ ആരും ഏൽപ്പിച്ച പണ്യല്ല കുട്ട്യേ. ഒക്കെ ഒരു സന്തോഷത്തിന് ചെയ്യണതല്ലേ !"

"അതെന്താ മുണ്ടാ, ദിൽ ത്ര സന്തോഷിക്കാൻ?"

"കുട്ട്യേ ആ മരത്തിന്റെ മോൾലേക്ക് ഒന്ന് നോക്ക്യേ! എത്ര കിളികളാ! അവറ്റടെ ആ സന്തോഷം ഒന്ന് കാണ്. പണ്ടൊക്കെ തലച്ചുമടുമായി വരണ ആൾക്കാര് ഞാൻ നട്ട ഈ ഉങ്ങിന്റെ തണലില്ല് ഇരിക്കാറുണ്ട്. വേനക്കാലത്ത് മേഞ്ഞുനടക്കണ ആട്ടുകളും പൈക്കളും ഈ മരങ്ങൾടെ തണലിൽ വീണു കിടക്കണ എന്തെങ്കിലും എല ഒക്കെ തിന്ന് ഇങ്ങനെ കെടക്കാറ്ണ്ട്. അവറ്റടെ മൊഖത്ത് കാണണ ആ സന്തോഷം തന്നെല്ലേ ഏറ്റവും വല്യേ സുഖം. ബാബുട്ടൻ ഇന്റൊപ്പം ഒന്ന് വാ." മുണ്ടൻ ബാബുവേട്ടനെയും കൊണ്ട് വില്ലേജാപ്പീസിന്റെ പിന്നിലേക്ക് നീങ്ങി.

"കുട്ട്യേ ദ് കണ്ടോ! ഈ ആല്‌ ഞാൻ കാളീനെ കല്യാണം കയിച്ച കൊല്ലം നട്ടതാ. അന്നൊക്കെ കല്യാണം ഇരുപത് വയസ്സിനും മുൻപാ നടക്കാ. ഇപ്പൊ നാട്ടുകാരുടെ കണക്കുപോലെ ആണെങ്കിൽ ഇക്ക് തൊണ്ണൂറ് കയിഞ്ഞു. കുട്ടീ... അയിന്റെ മോളിൽക്ക് ഒന്ന് നോക്ക്." ആലങ്ങിനെ വളർന്ന് വില്ലേജാപ്പീസിന് കുട പിടിച്ച പോലെ നിൽക്കുകയാണ്.

"ബാബൂട്ടാ ഈ ആലിന്റെ അടുത്ത് നിക്കണ ആ മാവ് കണ്ടോ? അത് ന്റെ മൂത്ത ചെക്കൻ ണ്ടായിട്ട് ഒറ്റ് കൊല്ലം കയിഞ്ഞിട്ട് നട്ടതാണ്. ങ്ങക്കറിയോ ഒറ്റ് ആലും മാവും കൂടിയാല് ആൽമാവ് ആണ്. ന്റേം കാളീന്റേം ആൽമാവാണ് ആ നിക്കണത്."

മാർച്ച് മാസത്തിന്റെ തുടക്കത്തിൽ ഇലകളെ മറച്ച് പൂക്കൾ മാത്രം നിറഞ്ഞുനിൽക്കുന്ന ആ മാവിൻചുവട്ടിൽ മുണ്ടന്റെ നരച്ച കണ്ണുകൾ മുകളിലേക്ക് നോക്കി നിറഞ്ഞുനിന്നു. ആ ആലിലകളാകട്ടെ ചാഞ്ഞു ചെരിഞ്ഞ് മുണ്ടനെ വീശിയാറിച്ചു.

സ്ഥലത്തെ അറിയപ്പെടുന്ന സഹകാരിയാണ് ബാബുവേട്ടൻ. തൂവെള്ള ഖദർ ഷർട്ടും മുണ്ടും, തോളിലൊരു ഈരെഴ തോർത്തും സ്ഥിരം വേഷം. ബാങ്കിലായാലും പുറത്താണെങ്കിലും അങ്ങനെതന്നെ. ഇദ്ദേഹത്തിന്റെ പേനയും നാക്കും തന്നെയാണ് ഞങ്ങളുടെ നാട്ടിൻപുറത്തിനും അപ്പുറത്തേക്ക് മരമുണ്ടനെന്ന വ്യന്റെ അസ്തിത്വത്തെക്കുറിച്ചുള്ള വാർത്തകളെത്തിച്ചതും.

അക്കാലത്താണ് രമണന്റെ മറ്റൊരു മെയിലും അതിലൊരു യൂ ട്യൂബ് ലിങ്കും എനിക്ക് വരുന്നത്. "നമ്മുടെ സിറാജും കൂട്ടുകാരും മുണ്ടനെ അഭിനയിപ്പിക്കുകയും ചെയ്തു" എന്ന അടിക്കുറിപ്പോടെ! മുണ്ടനെക്കുറിച്ചുള്ള ആ മനോഹര ലഘുചിത്രം പ്രകൃതിയുമായുള്ള മനുഷ്യന്റെ കൂടിച്ചേരലിന്റെ അനിവാര്യതയെ അടിവരയിട്ടു പറയുന്ന ഒന്നാണെന്ന് കണ്ടപ്പോൾ തോന്നി. ആ യൂട്യൂബ് ലിങ്ക് മറ്റുള്ളവർക്ക് അയച്ചുകൊടുക്കുമ്പോൾ മുണ്ടന്റെ നാട്ടുകാരനാണ് ഞാൻ എന്ന ഒരു അഭിമാനവും (അതോ അഹങ്കാരമോ) ഉള്ളിൽ തോന്നിയിരുന്നു.

മുണ്ടൻ ഇന്നില്ല. കുറച്ചുവർഷങ്ങൾക്ക് മുൻപുതന്നെ തന്റെ മക്കളെ നിരത്തിൽ വിട്ട് മരമുണ്ടൻ മുകളിലേക്ക് യാത്രയായി. അതിനും മുൻപേ മുണ്ടനോടു ചോദിക്കാതെതന്നെ പല മക്കളെയും പലരും ജനലും വാതിലും വിറകുമൊക്കെയായി മാറ്റിയിരുന്നു. കൊപ്പം റോഡിലെ ഉങ്ങിൻ ചുവട്ടിൽ ഒരു ഓട്ടോ സ്റ്റാൻഡ് സ്ഥലം പിടിച്ചു. മീൻകാരൻ ആലിയെ അവിടെ കാണാനുണ്ടായിരുന്നില്ല. പഞ്ചായത്ത് കെട്ടിയ കടമുറികളിലൊന്നിൽ ഞാൻ അറിയാത്ത ഒരാൾ മീൻ കച്ചവടം തുടങ്ങി. ശ്രീധരന്റെ ബാർബർഷാപ്പിനു പകരം ഏതോ ഒരു യുവകോമളന്റെ എയർ കണ്ടിഷൻ ചെയ്ത ഹെയർ ഡ്രസിങ് സെന്റർ പേങ്ങാട്ടിരിയിൽ പ്രവർത്തനം തുടങ്ങിയിരുന്നു. അപ്പോഴും വില്ലേജാപ്പീസിനരികിൽ ഈർച്ചമില്ലിനെ നോക്കിക്കൊണ്ട് മുണ്ടന്റെ ആൽമാവും അതിലെ കിളികളും താഴത്തെ തണലും ഉണ്ടായിരുന്നു.

അമ്മയുടെ റോഡുപണി വിശേഷം ഫോൺ വന്നിട്ട് മാസങ്ങൾ കഴിഞ്ഞിരുന്നു. ഇന്നലത്തെ വിളിയിൽ ആ കാര്യം വീണ്ടും വന്നു.

"എടാ കൊപ്പം റോഡിന്റെ വീതി കൂട്ടണ പണിയൊക്കെ കഴിഞ്ഞു."

"അപ്പൊ അമ്മേ നമ്മടെ മുണ്ടന്റെ ആലും മാവുമൊക്കെ?" ഒരാന്തലോടെ ഞാൻ ചോദിച്ചു.

"എല്ലാം വെട്ടി ഈർച്ചമില്ലിലാക്കിയെടാ. എന്താ റോഡിന്റെ വീതി! ടാറിങ്ങ് പണി ഉടനെ തുടങ്ങും. ഈ റോഡ് സ്റ്റേറ്റ് ഹൈവേ ആക്കാൻ പോവാന്നാ കേക്കണത്" അമ്മയ്ക്ക് നല്ല സന്തോഷം!

മുണ്ടന്റെ ആൽമാവും ഉങ്ങുമരങ്ങളും തണൽ വിരിക്കാത്ത കറുത്തു നീണ്ട കൊപ്പം റോഡ്. ആ മീനച്ചൂടിൽ അത് എന്റെ നെടുവീർപ്പുകളിൽ ചുട്ടുപഴുത്തു കിടന്നു.

□

# ശ്രീപ്രസാദ് വടക്കേപ്പാട്ട്



1973-ൽ പാലക്കാട്ട് ജില്ലയിലെ ചെർപ്പുളശ്ശേരിക്കടുത്തുള്ള നെല്ലായയിൽ ജനിച്ചു. AUPS ഇരുമ്പാലശ്ശേരി, ഗവ: ഹൈസ്കൂൾ ആനമങ്ങാട്ട്, ഗവ: പോളിടെക്നിക് പെരിന്തൽമണ്ണ, സർദാർ പട്ടേൽ കോളേജ് ഓഫ് എഞ്ചിനീയറിംഗ് മുംബൈ എന്നിവിടങ്ങളിൽ വിദ്യാഭ്യാസം. മുംബൈയിലെ ഭാഭാ അറ്റോമിക് റിസർച്ച് സെന്ററിൽ ജോലിചെയ്യുന്നു. മൂന്ന് പതിറ്റാണ്ടായി മുംബൈയിൽ താമസം. നെപ്പോളിയന്റെ നാട്ടിൽ (യാത്രാവിവരണം), ഓലപ്പുരയിലെ ഋതുഭേദങ്ങൾ (ഓർമ്മ), അയനം (കഥാസമാഹാരം) എന്നിവ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആനുകാലികങ്ങളിലും സമൂഹ മാധ്യമങ്ങളിലും കഥകളും ലേഖനങ്ങളും എഴുതാറുണ്ട്.

ഭാര്യ: അനുപമ

മക്കൾ: ഭരത്, ആദിത്യ

ചിത്രീകരണം: വി. പി. സുനിൽകുമാർ

## പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.